KSIDC
Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel: +91-471-2318922, Fax: +91-471-2315893, Email: ksidc@vsnl.com, www.ksidc.org
CIN: U45309KL1961SGC001937

# പത്രക്കുറിപ്പ്

**26-04-2023**
**ബുധൻ**

## വ്യവസായ നയത്തെ പുകഴ്ത്തി നോർവെ

### നോർവീജിയൻ കമ്പനികളുടെ ഉച്ചകോടി സംഘടിപ്പിച്ചു

സംസ്ഥാനത്തിന്റെ പുതിയ വ്യവസായ നയത്തെ പുകഴ്ത്തി നോർവെ. സുസ്ഥിര വ്യാവസായിക അന്തരീക്ഷം സൃഷ്ടിച്ച് നൂതന വ്യവസായങ്ങളുടെ കേന്ദ്രമാക്കി കേരളത്തെ മാറ്റാനുള്ള വ്യക്തമായ കാഴ്ചപ്പാടാണ് 2023 ലെ വ്യവസായ നയം മുന്നോട്ടുവയ്ക്കുന്നതെന്ന് നോർവീജിയൻ എംബസിയിലെ ഡെപ്യൂട്ടി ഹെഡ് ഓഫ് മിഷൻ മാർട്ടിൻ ആംഡൽ ബോതം പറഞ്ഞു. നോർവീജിയൻ കമ്പനികൾക്ക് വ്യവസായം തുടങ്ങാൻ ഏറ്റവും മികച്ച സ്ഥലങ്ങളിലൊന്നാണ് കേരളമെന്നും അവർ പറഞ്ഞു. നോർവെയും കേരളവും തമ്മിലുള്ള വ്യാപാര ബന്ധം സംബന്ധിച്ചു വ്യവസായ വകുപ്പ് സംഘടിപ്പിച്ച നോർവീജിയൻ കമ്പനികളുടെ ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അവർ. മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള കേരള സംഘം നോർവെ സന്ദർശിച്ചു നടത്തിയ ചർച്ചകളുടെ തുടർച്ചയായാണ് ഉച്ചകോടി.

വ്യവസായ പാർക്കുകളുടെ കാര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്ന നയത്തെയും ഉച്ചകോടിയിൽ നോർവീജിയൻ പ്രതിനിധികൾ പ്രശംസിച്ചു. കഴിഞ്ഞ മൂന്നു വർഷത്തിൽ നോർവേയും കേരളവും തമ്മിലുള്ള വ്യാപാരം ഇരട്ടിയായെന്നും

കേരളത്തിൽ കേരളത്തിൽ നിക്ഷേപം നടത്താൻ നോർവീജിയൻ കമ്പനികൾ ആകാംക്ഷയോടെ കാത്തിരിക്കുന്നതായും നോർവെ ഇന്നൊവേഷൻ ഡയറക്ടർ ക്രിസ്റ്റീൻ കാർട്ടർ പറഞ്ഞു. കേരളത്തിലെ ചകിരി നോർവേയിലെ ബാറ്ററി നിർമ്മാണ കമ്പനികൾക്ക് അസംസ്കൃത വസ്തുവായി ഉപയോഗിക്കാൻ സാധിക്കുമെന്നും കണ്ടെത്തിയിട്ടുണ്ട്. ഹൈഡ്രജൻ, മത്സ്യ ഉത്പാദനം, ഗ്രീൻ മാരിടൈം, എന്നിവയിലെ കേരള- നോർവിജിയൻ സഹകരണ സാധ്യതകളും അദ്ദേഹം ചൂണ്ടിക്കാട്ടി.

തിരുവനന്തപുരം ഹയാത്ത് റീജൻസിയിൽ നടന്ന ഉച്ചകോടി വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് അധ്യക്ഷനായി. നോർവെ കേരളത്തിന്റെ ഏറ്റവും മികച്ച വ്യാപാര പങ്കാളികളിലൊന്നാണ്. നോർവെയും കേരളവുമായുള്ള വ്യാപാരം കഴിഞ്ഞ സാമ്പത്തിക വർഷം 20 ബില്യൺ ഡോളറായി വർധിച്ചു. സമുദ്രോത്പന്നങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, ടെക്സ്റ്റൈൽസ്, മാരിടൈം ഫുഡ് പ്രോസസിങ്, ഇലക്ട്രിക് വാഹനം, അക്വാകൾച്ചർ, റിന്യൂവബിൾ എനർജി, മെഡിക്കൽ ഉപകരണങ്ങൾ തുടങ്ങിയവയാണു നോർവെയും കേരളവുമായി നിലവിലുള്ള പ്രധാന വാണിജ്യ മേഖലകൾ. കൂടുതൽ സാധ്യതകളുള്ള ചില മേഖലകൾ കണ്ടെത്തിയിട്ടുണ്ടതായും അദ്ദേഹം പറഞ്ഞു.

സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടേയും കമ്പനികളുടേയും പ്രതിനിധികൾ ഉച്ചകോടിയിൽ പങ്കെടുത്തു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല കേരളത്തിന്റെ വ്യവസായ നിക്ഷേപ സാധ്യതകൾ അവതരിപ്പിച്ചു. നോർവീജിയൻ ബിസിനസ് അസോസിയേഷൻ ഇന്ത്യ (എൻ.ബി.എ.ഐ) ചെയർമാൻ ബി. ഷേണായി, കെഎസ്ഐഡിസി എംഡി എസ്. ഹരികിഷോർ, കെ.എസ്.ഐ.ഡി.സി. ഡെപ്യൂട്ടി ജനറൽ മാനേജർ സെബാസ്റ്റിയൻ തോമസ് തുടങ്ങിയവർ പങ്കെടുത്തു.